കന്നുകാലികളുടെയും മനുഷ്യരുടെയും ആരോഗ്യം സംരക്ഷിക്കാം:

മൈക്കോടോക്സിനുകളെ (പൂപ്പൽ വിഷങ്ങൾ) പറ്റി മനസ്സിലാക്കാം

NATIONAL DAIRY DEVELOPMENT BOARD

എന്താണ് മൈക്കോടോക്സിനുകൾ?

ഈർപ്പമുള്ള സാഹചര്യത്തിൽ സംഭരിച്ചിരിക്കുന്ന പുല്ലുകൾ (ഉദാ: വൈക്കോൽ), തീറ്റവസ്തുക്കൾ (ഉദാ: നിലക്കടല, ചോളം) എന്നിവയിൽ വളരുന്ന പൂപ്പൽ (ഫംഗസ്) ഉത്പാദിപ്പിക്കുന്ന വിഷപദാർത്ഥങ്ങളാണ് മൈക്കോടോക്സിനുകൾ

പ്രധാന വെല്ലുവിളികൾ

അഫ്ലാടോക്സിക്കോസിസ് (Aflatoxicosis) – Aspergillus ഇനങ്ങൾ, ഡെഗ്നാല രോഗം (Degnala disease) – Fusarium ഇനങ്ങൾ

മൃഗങ്ങളിലെ പ്രത്യാഘാതങ്ങൾ

- പാൽ ഉൽപാദനത്തിൽ 15% വരെ കുറവ് ഉണ്ടാവുക
- ജീവന് അപായം, വന്ധ്യത, ഗർഭഛിദ്രം

മനുഷ്യരിലെ പ്രത്യാഘാതങ്ങൾ

- അഫ്ലാടോക്സിൻ M1 കലർന്ന പാൽ ഉപയോഗിക്കുന്നത് മനുഷ്യരുടെ ആരോഗ്യത്തിന് അപകടകരമാണ്


കന്നുകാലികളിലെ മുന്നറിയിപ്പ് ലക്ഷണങ്ങൾ

- രോമം കൊഴിഞ്ഞു പോകൽ, വാൽ, ചെവി തുടങ്ങിയ അഗ്രഭാഗങ്ങൾ ചീഞ്ഞു പോകുക
- കുളമ്പു ചീഞ്ഞു പോകൽ
- അധിക പാൽ ഉല്പാദനശേഷിയുള്ള പശുക്കളിൽ ലക്ഷണങ്ങൾ ആദ്യം പ്രകടമാകും
- തീറ്റ എടുക്കുന്നതിൽ കുറവ് കാണപ്പെടും , കീറ്റോസിസ് ഉണ്ടാകാനുള്ള സാധ്യത വർധിക്കുന്നു
- മറുപിള്ള വീഴാതെ ഇരിക്കുക, വന്ധ്യത, ഗർഭഛിദ്രം, ശരീര ഭാരം കുറയുക



മൈകോടോക്സിൻസ് മൂലമുള്ള കുളമ്പു ചീഞ്ഞുപോകൽ





വാലിന്റെ അഗ്രം ചീഞ്ഞു പോകൽ

ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ മൃഗഡോക്ടറുടെ സേവനം തേടുക.



കാലിത്തീറ്റയിൽ കാണുന്ന പൂപ്പൽ ബാധ



വൈക്കോലിലെ പൂപ്പൽ വളർച്ച



സൈലേജിൽ കാണുന്ന പൂപ്പൽ വളർച്ച

മൈക്കോടോക്സിക്കോസിസ് (പൂപ്പൽ വിഷബാധ) എങ്ങനെ നിയന്ത്രിക്കാം?

പ്രതിരോധ മാർഗ്ഗങ്ങൾ

* പൂപ്പൽ ബാധിച്ച തീറ്റയോ ഈർപ്പമുള്ള വൈക്കോലോ ഒരിക്കലും നൽകരുത്.
* തീറ്റ ഉണങ്ങിയതും നല്ല വായുസഞ്ചാരമുള്ളതുമായ സ്ഥലത്ത് സംഭരിക്കുക.
* പൂപ്പൽ വളർച്ച കുറയ്ക്കുന്ന കൃഷിരീതികൾ സ്വീകരിക്കുക.

നിയന്ത്രണ മാർഗ്ഗം

* മൈക്കോടോക്സിൻ ബൈൻഡറുകൾ ചേർക്കുക (മിനറൽ ക്ലേ, ആക്ടിവേറ്റഡ് ചാർക്കോൾ തുടങ്ങിയവ)
* മൈകോടോക്സിനുകളെ തടയുന്ന സസ്യ ജന്യ പദാർത്ഥങ്ങൾ, ആവശ്യത്തിന് ധാതു ലവണ മിശ്രിതവും പച്ചപുല്ലും നൽകുക.



പൂപ്പൽ വിഷബാധയ്ക്കുള്ള EVM-നായി QR കോഡ് സ്കാൻ ചെയ്യുക

പൂപ്പൽ ബാധിച്ച തീറ്റ ഒഴിവാക്കൂ, മൈക്കോടോക്സിനുകളെ തടയൂ

കന്നുകാലികളെ സംരക്ഷിക്കൂ, സുരക്ഷിതമായ പാൽ ഉറപ്പാക്കൂ!